സുപ്രഭാതം

14 October 2023

# മത്സ്യോത്പാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വേണം: സിഎംഎഫ്ആർഐ

**കൊച്ചി:** വർധിച്ചുവരുന്ന ഭക്ഷ്യ പോഷക ആവശ്യകതയുടെ പശ്ചാത്തലത്തിൽ മത്സ്യോത്പാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വേണമെന്നു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഫ്ആർഐ). കൊച്ചിയിൽ നടന്ന 16-ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിലാണ് സിഎംഎഫ്ആർഐ ഈ നിർദേശം അവതരിപ്പിച്ചത്.

കടലിൽ കൂടുമത്സ്യ കൃഷിക്ക് ഏറ്റവും അനുയോജ്യമാണെന്നു കണ്ടെത്തിയ തീരദേശ ജില്ലകളിലെ തീരങ്ങളിലാണ് മാരികൾച്ചർ പാർക്ക് ഒരുക്കേണ്ടത്. ഇന്ത്യയിലാകെ 134 സ്ഥലങ്ങളിലായി 46,958 ഹെക്ടർ തീരക്കടൽ കൂടുമത്സ്യ കൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ നേരത്തെ കണ്ടെത്തിയിരുന്നു. ഇതുകൂടാതെ, 333 സ്ഥലങ്ങൾ കടൽപായൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമാണെന്നും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

മാരികൾച്ചർ പാർക്കുകൾ സ്ഥാപിക്കുന്നതുവഴി തീരദേശ ആവാസവ്യവസ്ഥ സംരക്ഷിക്കാൻ കഴിയുമെന്നും സിഎംഎഫ്ആർഐ പ്രബന്ധത്തിൽ ചൂണ്ടിക്കാട്ടി. സമഗ്രമായ ആസൂത്രണം, പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരണം, അടിസ്ഥാനസൗകര്യവികസനം, നയരൂപീകരണം, സ്ഥലനിർണയം തുടങ്ങിയ മുന്നൊരുക്കങ്ങൾ പാർക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമാണ്. സാമൂഹിക- സാമ്പത്തിക- പാരിസ്ഥിതിക വികസനലക്ഷ്യങ്ങൾ യാഥാർഥ്യമാക്കാൻ ഇതു വഴിയൊരുക്കുമെന്ന് പ്രബന്ധം അവതരിപ്പിച്ച ഡോ. സുരേഷ്കുമാർ മൊജാഡ പറഞ്ഞു.

കാർഷികമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ കോർപറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടുകൾ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിനുവേണ്ടി വിനിയോഗിക്കുന്ന സ്ഥിതിയുണ്ടാകണമെന്ന് കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദത്തിൽ നിർദേശമുയർന്നു. മൂന്നു ദിവസങ്ങളിലായി നടന്നുവന്ന സമ്മേളനം ഇന്നലെ സമാപിച്ചു.